ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:09.07.2025

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി നമീബിയൻ പ്രസിഡന്റുമായി ഉഭയകക്ഷി ചർച്ചകൾ നടത്തി. നാല് മേഖലകളിൽ സഹകരണം മെച്ചപ്പെടുത്തുന്നതിനുള്ള ധാരണാപത്രം ഒപ്പുവച്ചു.

2. നിപ ഹൈ റിസ്ക് സമ്പർക്ക പട്ടികയിലുണ്ടായിരുന്ന സ്ത്രീ മരിച്ചു. പരിശോധന ഫലം വരുന്നതുവരെ മൃതദേഹം സംസ്കരിക്കരുതെന്ന് ആരോഗ്യ വകുപ്പ്.

3. കേന്ദ്ര കായിക സഹമന്ത്രി രക്ഷാ നിഖിൽ ഖഡ്സെ നാളെ തിരുവനന്തപുരം കാര്യവട്ടം LNCPE യിലെ പുതിയ മെഡിക്കൽ സെൻറർ ഉദ്ഘാടനം ചെയ്യും.

4. ജാനകി വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള സിനിമയുടെ പേരിൽ മാറ്റം വരുത്താൻ തയ്യാറെന്ന് ഹൈക്കോടതിയെ അറിയിച്ച് അണിയറ പ്രവർത്തകർ.

5. പ്രതിപക്ഷ ട്രേഡ് യൂണിയനുകളും സർവീസ് സംഘടനകളും പ്രഖ്യാപിച്ച ദേശീയ പണിമുടക്ക് അർദ്ധരാത്രി വരെ തുടരും.

RNU TVPM

6. ചരിത്രപ്രസിദ്ധമായ ചമ്പക്കുളം മൂലം ജലോത്സവത്തിൽ ചെറുതന പുത്തൻ ചുണ്ടൻ ജേതാവായി.

7. ഇന്ത്യ-ഇംഗ്ലണ്ട് വനിതാ ട്വൻറി- 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് മാഞ്ചസ്റ്ററിൽ.

*************************************

## പ്രധാനമന്ത്രി - നമീബിയ

അഞ്ച് രാഷ്ട്രങ്ങളിലേക്കുള്ള സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ നമീബിയയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി നമീബിയൻ പ്രസിഡന്റുമായി ഉഭയകക്ഷി ചർച്ചകൾ നടത്തി. ആരോഗ്യവും വൈദ്യശാസ്ത്രവും , ആഗോള ജൈവ ഇന്ധനം, അടിസ്ഥാന സൗകര്യം, സംരകത്വം എന്നീ മേഖലകളിൽ ധാരണാപത്രം ഒപ്പുവച്ചു. ഇരുരാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക സഹകരണം മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ടായിരുന്നു ചർച്ചകൾ. നമീബിയയുടെ സ്ഥാപക പിതാവും ആദ്യ പ്രസിഡന്റുമായിരുന്ന സാം നുജോമയ്ക്ക് പ്രധാനമന്ത്രി ആദരാഞ്ജലി അർപ്പിക്കും.

*************************************

## നിപ - സംസ്ഥാനം

നിപ വ്യാപനത്തിനെതിരെ സംസ്ഥാനത്ത് കർശന ജാഗ്രത തുടരുന്നു. അതേസമയം, മലപ്പുറം കോട്ടക്കലിൽ നിപ ഹൈ റിസ്ക് സമ്പർക്ക പട്ടികയിലുണ്ടായിരുന്ന സ്ത്രീ മരിച്ചു. പരിശോധന ഫലം വരുന്നതുവരെ മൃതദേഹം സംസ്കരിക്കരുതെന്ന് ആരോഗ്യ വകുപ്പ് നിർദേശം നൽകി. മങ്കടയിൽ നിപ ബാധിച്ച് മരിച്ച പെൺകുട്ടിക്കൊപ്പം തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലുണ്ടായിരുന്ന പരപ്പനങ്ങാടി സ്വദേശിനിയാണ് ഇന്ന്

RNU TVPM

മരിച്ചത്. നിപ സ്ഥിരീകരിച്ച പാലക്കാട് സ്വദേശിനി കോഴിക്കോട് ഐസിയുവിൽ ചികിത്സയിലാണ്. നിലവിൽ 485 പേരാണ് നിപ സമ്പർക്കപ്പട്ടികയിൽ ഉള്ളത്.

************************************

## ജാനകി - ഹൈക്കോടതി

ജാനകി വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള സിനിമയുടെ പേരിൽ മാറ്റം വരുത്താൻ തയ്യാറെന്ന് ഹൈക്കോടതിയെ അറിയിച്ച് അണിയറ പ്രവർത്തകർ. സിനിമയ്ക്ക് രണ്ട് മാറ്റങ്ങളോടെ പ്രദർശനാനുമതി നൽകാമെന്ന് സെൻസർ ബോർഡ് ഹൈക്കോടതിയെ അറിയിച്ചിരുന്നു. സിനിമയുടെ പേരിലെ 'ജാനകി' എന്നതിന് പകരം 'ജാനകി.വി' അല്ലെങ്കിൽ 'വി.ജാനകി' എന്നു മാറ്റണമെന്നായിരുന്നു ബോർഡിന്റെ ഒരാവശ്യം. കോടതി രംഗങ്ങളിലെ രണ്ട് സീനുകളിൽ ജാനകി എന്ന പേര് വരുന്ന ഭാഗം നിശബ്ദമാക്കാൻ തയ്യാറാണെന്നും നിർമ്മാതാക്കൾ കോടതിയെ അറിയിച്ചു. ഈ പശ്ചാത്തലത്തിൽ മാറ്റങ്ങൾ വരുത്തിയ പതിപ്പിന് മൂന്ന് ദിവസത്തിനകം സെൻസർ സർട്ടിഫിക്കറ്റ് നല്കണമെന്ന് ജസ്റ്റിസ് എൻ. നാഗരേഷ് അധ്യക്ഷനായ ബഞ്ച് നിർദ്ദേശിച്ചു.

PRD TVPM

************************************

## അമിത് ഷാ- തിരുവനന്തപുരം

ബിജെപി മുതിർന്ന നേതാവും കേന്ദ്ര മന്ത്രിയുമായ അമിത് ഷാ മറ്റന്നാൾ തിരുവനന്തപുരത്ത് എത്തും. ഈ മാസം 12 ന് ബിജെപിയുടെ പുതിയ സംസ്ഥാന കാര്യാലയം ഉദ്ഘാടനം ചെയ്യുന്ന ശ്രീ ഷാ പുത്തരിക്കണ്ടം മൈതാനത്ത് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ബൂത്ത് ലെവൽ നേതാക്കളെ അഭിസംബോധന ചെയ്യും. ബിജെപി സംസ്ഥാന നേതൃയോഗത്തിലും അദ്ദേഹം പങ്കെടുക്കും.

************************************

## രക്ഷാ നിഖിൽ ഖഡ്സെ

കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന് കീഴിൽ തിരുവനന്തപുരം കാര്യവട്ടം LNCPE യിലെ പുതിയ മെഡിക്കൽ സെന്ററിൻ്റെ ഉദ്ഘാടനം നാളെ രാവിലെ കേന്ദ്ര കായിക സഹമന്ത്രി രക്ഷാ നിഖിൽ ഖഡ്സെ നിർവ്വഹിക്കും. മികച്ച കായികതാരങ്ങൾ, പരിശീലകർ തുടങ്ങിയവരെ കേന്ദ്ര സഹമന്ത്രി ആദരിക്കും. കളരിപ്പയറ്റ്, തായ്ക്വോണ്ടോ, യോഗ, വോളിബോൾ എന്നിവയുടെ പ്രദർശവും ഉണ്ടാകും. തിരുവനന്തപുരം ഗോൾഫ് ക്ലബും മന്ത്രി സന്ദർശിക്കും.

***********************************

## കീം - ഹൈക്കോടതി

കേരള എഞ്ചിനീയറിംഗ്, ഫാർമസി പ്രവേശന പരീക്ഷയായ കീമിൻ്റെ ഫലം ഹൈക്കോടതി റദ്ദാക്കി. പരീക്ഷയുടെ പ്രോസ്പെക്ടസ് പുറത്തിറക്കിയശേഷം വെയിറ്റേജ് മാറ്റിയത് നിയമപരമല്ലെന്ന് ചൂണ്ടിക്കാട്ടിയാണ് നടപടി. ജസ്റ്റിസ് ഡി കെ സിങ്ങിൻറേതാണ് ഉത്തരവ്. കേരള സിലബസ് വിദ്യാർത്ഥികളുടെ മാർക്ക് ഏകീകരണ ഫോർമുല ചോദ്യം ചെയ്തായിരുന്നു ഹർജി.

RNU TVPM

***********************************

## കീം - ആർ ബിന്ദു

കീം പരീക്ഷാഫലം റദ്ദാക്കിയ ഹൈക്കോടതി വിധിയിൽ, കുട്ടികൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധം തുടർനടപടികൾ തീരുമാനിക്കുമെന്ന് മന്ത്രി ആർ ബിന്ദു പറഞ്ഞു. കോടതി വിധിയുടെ പകർപ്പ് ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് ഡിവിഷൻ ബെഞ്ചിൽ അപ്പീൽ നൽകുമെന്ന് മന്ത്രി വ്യക്തമാക്കി.

***********************************

## ചമ്പക്കുളം (ഇൻട്രോ)

ചരിത്രപ്രസിദ്ധമായ ചമ്പക്കുളം മൂലം ജലോത്സവത്തിൽ ചെറുതന പുത്തൻ ചുണ്ടൻ ജേതാവായി. രണ്ടാം സ്ഥാനം ചമ്പക്കുളം ചുണ്ടനും നേടി. 'വള്ളംകളിയുടെ ഉദ്ഘാടനം കൊടിക്കുന്നിൽ സുരേഷ് എം.പി നിർവഹിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ.......**

(വോയ്സ്)

****************************************

## സംസ്ഥാന പണിമുടക്ക്

വിവിധ ആവശ്യങ്ങളുന്നയിച്ച് പ്രതിപക്ഷ ട്രേഡ് യൂണിയനുകളും സർവീസ് സംഘടനകളും പ്രഖ്യാപിച്ച 24 മണിക്കൂർ ദേശീയ പണിമുടക്ക് തുടരുന്നു. അർദ്ധരാത്രി വരെയാണ് പണിമുടക്ക്. പണിമുടക്കിനെ തുടർന്ന് സംസ്ഥാനത്ത് ചിലയിടങ്ങളിൽ സമരാനുകൂലികൾ വാഹനങ്ങൾ തടഞ്ഞു. KSRTC സർവ്വീസുകൾ പലയിടത്തും തടഞ്ഞത് യാത്രക്കാരെ ബുദ്ധിമുട്ടിലാക്കി. ചിലയിടങ്ങളിൽ സർക്കാർ ഓഫീസുകളിലെ പ്രവർത്തനത്തെ പണിമുടക്ക് ബാധിച്ചു. സംസ്ഥാനത്ത് ഒട്ടുമിക്ക കടകളും ഹോട്ടലുകളും ഇന്ന് പ്രവർത്തിച്ചില്ല. അതേസമയം, പണിമുടക്കുമായി ബന്ധപ്പെട്ട് സമരാനുകൂലികൾ നടത്തിയ ആക്രമണങ്ങളിൽ അന്വേഷണം വേണമെന്ന് സമരത്തിൽ നിന്ന് വിട്ടുനിന്ന ബി എം എസ് അനുകൂല സംഘടനകൾ പ്രസ്താവനയിലൂടെ ആവശ്യപ്പെട്ടു. ദേശീയപണിമുടക്കിന്റെ പേരിൽ നടന്ന അക്രമങ്ങൾ സംസ്ഥാനത്തെ ആരോഗ്യ മേഖലയിലെ പ്രശ്നങ്ങളിൽ നിന്നും ജനശ്രദ്ധ തിരിച്ചു വിടാനെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ ആരോപിച്ചു.

PNU TVPM

*******************************************

## പഠിപ്പ് മുടക്ക്

സംസ്ഥാന വ്യാപകമായി നാളെ പഠിപ്പ് മുടക്കുമെന്ന് എസ് എഫ് ഐ ഭാഗവാഹികൾ അറിയിച്ചു. കേരള സർവ്വകലാശാലയിൽ നടത്തിയ പ്രതിഷേധത്തിനിടെയുണ്ടായ സംഘർഷത്തിൽ പ്രവർത്തകരെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ചാണ് പഠിപ്പ് മുടക്ക്. സംസ്ഥാന സെക്രട്ടറി ഉൾപ്പെടെയുള്ള പ്രവർത്തകർക്കെതിരെയാണ് പൊലീസ് കേസെടുത്തത്. അതേസമയം, സർവ്വകലാശാലകളിലേക്കല്ല പ്രതിഷേധ സമരം നടത്തേണ്ടതെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ അഭിപ്രായപ്പെട്ടു.

*******************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.

(ബ്രേക്ക്)

RNUTVPM

*******************************************

## കോന്നി - അപകടം

പത്തനംതിട്ട, കോന്നിയിൽ ക്വാറിയിലെ ജോലിക്കിടെ ഉണ്ടായ അപകടത്തിൽ മരിച്ച ഇതരസംസ്ഥാന തൊഴിലാളികളായ അജയ്കുമാർ റായി, മഹാദേവ് പ്രധാൻ എന്നിവരുടെ പോസ്റ്റുമോർട്ട നടപടികൾ പൂർത്തിയായി. ഇരുവരുടെയും മൃതദേഹം അൽപസമയത്തിനകം നാട്ടിലേയ്ക്ക് കൊണ്ടുപോകും. മൃതദേഹം നാട്ടിലെത്തിക്കുന്നതുൾപ്പെടെ എല്ലാ ചെലവും കുടുംബത്തിന് കൃത്യമായ നഷ്ടപരിഹാരവും ക്വാറി ഉടമ വഹിക്കണമെന്ന് ജില്ലാ കളക്ടർ വ്യക്തമാക്കിയിരുന്നു.

************************************

## <u>അരിവാൾ കോശരോഗം (ഇൻട്രോ)</u>

അരിവാൾ രോഗ പ്രതിരോധം, ബോധവല്ക്കരണം എന്നിവ ലക്ഷ്യമാക്കി ആരോഗ്യവകുപ്പ് നടപ്പിലാക്കുന്ന **അറിയാം അകറ്റാം അരിവാൾ കോശരോഗ** ക്യാമ്പയിൻറെ ഭാഗമായുള്ള രോഗ നിർണ്ണയ പരിശോധന കാസർഗോഡ് ആരംഭിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ...**

(വോയ്സ്)

************************************

## <u>മഴ</u>

സംസ്ഥാനത്ത് ഒറ്റപ്പെട്ട മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മോശം കാലാവസ്ഥ കണക്കിലെടുത്ത് ഈ മാസം 12 വരെ കർണാടക തീരത്ത് നിന്ന് മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പുണ്ട്.

************************************

## <u>വനിതാ ട്വൻറി- 20 ക്രിക്കറ്റ്</u>

ഇന്ത്യയും ഇംഗ്ലണ്ടും തമ്മിലുള്ള വനിതാ ട്വൻറി- 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് മാഞ്ചസ്റ്ററിൽ നടക്കും. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ നിലവിൽ 2–1ന് മുന്നിലാണ്. പരമ്പരയിലെ അവസാന മത്സരം ഈ മാസം 12 ന് ബിർമിങ്ഹാമിൽ നടക്കും.

RNU TVPM

************************************

## ക്രിക്കറ്റ് ടെസ്റ്റ്

ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിന് നാളെ വെസ്റ്റ്മിൻസ്റ്ററിൽ തുടക്കമാകും. ലോർഡ്സ് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം വൈകുന്നേരം 3.30നാണ് മത്സരം. ഇരുടീമുകളും പരമ്പരയിലെ ഓരോ മത്സരങ്ങൾ വീതം വിജയിച്ചിട്ടുണ്ട്. ഈ മാസം 24നാണ് നാലാം മത്സരം.

************************************

## പിഐബി-ശിൽപശാല

പ്രാദേശിക മാധ്യമ പ്രവർത്തകർക്കായി കൊച്ചി പ്രസ് ഇൻഫർമേഷൻ ബ്യൂറോ സംഘടിപ്പിക്കുന്ന മാധ്യമ ശിൽപശാല നാളെ കണ്ണൂർ തളിപ്പറമ്പിൽ നടക്കും . പിഐബി, കേരള-ലക്ഷദ്വീപ് മേഖല അഡീഷണൽ ഡയറക്ടർ ജനറൽ ശ്രീ വി. പളനിച്ചാമി ഉദ്ഘാടനം ചെയ്യും. കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെക്കുറിച്ച് പ്രാദേശിക പത്രപ്രവർത്തകർക്ക് അറിവ് പകരുകയാണ് ലക്ഷ്യം.

RNUTVPM

************************************

## കബറടക്കം

പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ മെത്രാപ്പോലീത്ത മാർ അപ്രേമിൻറെ കബറടക്കം നാളെ ഉച്ചയ്ക്ക് തൃശൂർ മാർത്ത മറിയം വലിയ പള്ളിയങ്കണത്തിലെ കുരുവിളയച്ചൻ പള്ളിയിൽ നടത്തും. വലിയ പള്ളിയിൽ പൊതുദർശനം തുടരുകയാണ്.

************************************

## പാസ്പോർട്ട്

തിരുവനന്തപുരം റീജിയണൽ പാസ്പോർട്ട് ഓഫീസ് മൊബൈൽ പാസ്പോർട്ട് സേവാ വാനുകൾ വിന്യസിക്കുന്നു. നാളെ തിരുവനന്തപുരം കളക്ടറേറ്റ് പരിസരത്ത് ജില്ലാ കളക്ടർ അനുകുമാരിയും റീജിയണൽ പാസ്പോർട്ട് ഓഫീസർ ജീവ മരിയ ജോയും ചേർന്ന് ഉദ്ഘാടനം നിർവ്വഹിക്കും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ അപേക്ഷകർക്ക് സേവനം ലഭ്യമാകും.

***************************************************************************************************

*********************

RNU TVPM